വാരാന്ത്യപതിപ്പ് ലക്കം-24 | OCTOBER 31 - NOVEMBER 6

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

**എൻ.എസ്.എസ് വാർത്തകൾ**

കേരളപ്പിറവി
പേജ് 1

കേരളപ്പിറവി ആഘോഷിച്ചു
പേജ് 1

അഭയം പ്രമോഷൻ വീഡിയോ റിലീസ്
പേജ് 1

അഭയം - ആദ്യഘട്ടം : നിലവിലെ പഴയ വീട് പൊളിച്ചു
പേജ് 2

ട്രാഷ് ഇറ്റ് തൃശ്ശൂർ : പബ്ലിക്ക് ലൈബ്രറി
പേജ് 2

അഗ്വഞ്ചർ
പേജ് 3

ദേശീയ ഐക്യ ദിനം
പേജ് 3

നാനാത്വത്തിൽ ഏകത്വം
പേജ് 4

സുനാമി ബോധവൽക്കരണ ദിനം
പേജ് 4

**ചോദ്യം ഉത്തരം**
പേജ് 5

**അക്ഷരാഗ്നി**
പേജ് 5

**ചിന്താവിഷയം**
പേജ് 6




## സോഷ്യോപോഡ്സ് പോസ്റ്റർ

# എൻ.എസ്.എസ്. വാർത്തകൾ

## കേരളപ്പിറവി

കേരളപ്പിറവി ദിനത്തെ കുറിച്ചും അതിന്റെ ചരിത്രത്തെയും ഐതിഹ്യത്തെയും കുറിച്ചും യൂണിറ്റിന്റെ പോഡ്കാസ്റ്റായ സോഷ്യോപോഡ്സിലൂടെ വളന്റിയർ അനുഗ്രഹ സംസാരിച്ചു.


## കേരളപ്പിറവി ആഘോഷിച്ചു

കേരള സംസ്ഥാനം രൂപീകൃതമായ നവംബർ ഒന്ന് കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചുകൊണ്ട് ആഘോഷിച്ചു.




## അഭയം പ്രമോഷൻ വീഡിയോ റിലീസ്

അഭയം ഭവന നിർമ്മാണ പദ്ധതി വിവരിക്കുന്ന നാലാമത്തെ പ്രമോഷൻ വീഡിയോ പുറത്തിറങ്ങി.നടനായ വിനോദ് കോവൂർ (എം 80 മൂസ) വീഡിയോയിൽ അഭയം ഭവനനിർമ്മാണ പദ്ധതിയെക്കുറിച്ച് സംസാരിച്ചു. പദ്ധതിയ്ക്ക് ആശംസയും പിന്തുണയും അറിയിച്ചതിനൊപ്പം ഏവരുടേയും സഹകരണവും അദ്ദേഹം അഭ്യർത്ഥിച്ചു .



# അഭയം - ആദ്യഘട്ടം : നിലവിലെ പഴയ വീട് പൊളിച്ചു

അഭയം ഭവന നിർമ്മാണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി കുമാരി ഡെല്ല തോമസിന്റെ നിലവിലെ താമസ യോഗ്യമല്ലാത്ത പഴയ വീട് എൻ എസ് എസ് വളന്റിയേഴ്സിന്റെ നേതൃത്വത്തിൽ പൊളിച്ചുനീക്കി.







# ട്രാഷ് ഇറ്റ് തൃശ്ശൂർ : പബ്ലിക്ക് ലൈബ്രറി

ട്രാഷ് ഇറ്റ് തൃശ്ശൂരിന്റെ ഭാഗമായി നവംബർ ആറ് ശനിയാഴ്ച തൃശ്ശൂർ പബ്ലിക്ക് ലൈബ്രറി വൃത്തിയാക്കി. ഇരുപതോളം വളന്റിയേഴ്സ് രാവിലെ ഒമ്പത് മുതൽ ഉച്ചയ്ക്ക് ഒന്ന് വരെ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.



# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ  തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി  പുരോഗമിക്കുന്നു. ഈ ആഴ്ചയിൽ വ്യാഴം, ശനി ദിവസങ്ങളിലായി രാവിലെ ഒമ്പത് മുതൽ വൈകീട്ട് നാല് വരെ നാല്പതോളം വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. **2021** ബാച്ചിന്റെ സെലക്ഷന്റെ ഭാഗമായി എൻ എസ് എസിലേക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളെയും ഇതിൽ ഉൾകൊള്ളിച്ചു.














# ദേശീയ ഐക്യ ദിനം

ദേശീയ ഐക്യ ദിനത്തിന്റെ ഭാഗമായി എല്ലാ എൻ എസ് എസ് വളന്റിയേഴ്സും രാഷ്ട്രീയ ഏകഥ പ്രതിജ്ഞ ചൊല്ലി. കൂടാതെ നാനാത്വത്തിൽ ഏകത്വം എന്ന വിഷയത്തിൽ ചർച്ചയും സംഘടിപ്പിച്ചു.ഈ ദിനത്തോടനുബന്ധിച്ച് എൻ എസ് എസും എൻ വൈ കെയും സംയുക്തമായി തൃശ്ശൂർ അയ്യന്തോൾ സ്റ്റേഷനിൽ സംഘടിപ്പിച്ച സംസ്ഥാനതല സെമിനാറിൽ വളന്റിയേഴ്സ് പങ്കെടുത്തു.




# നാനാത്വത്തിൽ ഏകത്വം

ഒക്ടോബർ മുപ്പത്തിയൊന്ന് ദേശീയ ഏകത ദിനത്തോടനുബന്ധിച്ച് നാനാത്വത്തിൽ ഏകത്വം എന്ന പേരിൽ ഗൂഗിൾ മീറ്റിൽ വളന്റിയേഴ്സിനു വേണ്ടി ചർച്ച സംഘടിപ്പിച്ചു. പ്രോഗ്രാം ഓഫീസർ പ്രൊഫ.രഞ്ജിത്ത് വർഗീസ് പങ്കെടുത്തു. എല്ലാ വളന്റിയേഴ്സും ചർച്ചയിൽ പങ്കാളികളായി.വളന്റിയേഴ്സിനെ രണ്ട് ഗ്രൂപ്പായി തിരിച്ചായിരുന്നു ചർച്ച സംഘടിപ്പിച്ചത്




# സുനാമി ബോധവൽക്കരണ ദിനം

നവംബർ അഞ്ച് ലോക സുനാമി ബോധവൽക്കരണ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.





## ചോദ്യം ഉത്തരം

**ഇന്റർനാഷണൽ വളന്റിയേഴ്സ് ഡേ എന്നാണ്??**

**ഡിസംബർ 5**

# അക്ഷരാഗ്നി

**-ആര്യ പ്രമോദ്**


**തീക്ഷ്ണമാം ഗോളങ്ങൾ**

**നേത്രഭാരം തടഞ്ഞു നിർത്തുവാൻ**
**ആർത്തിരമ്പിയ കുമിളകൾ**
**വീർത്തു നേരിയ ഗോളഗാത്രമോടാഞ്ഞു വന്നു പതിച്ചതാ...**
**ആഴ്ന്നഗാധമായ് വാടി മങ്ങിയ അവശമാം കൺതടങ്ങളിൽ**
**വെണ്മ മാഞ്ഞൊരാ കണ്ണിനുൾകളം ജീവനറ്റൊരു മണ്ണുപോൽ...**

**ജീവനാടികൾ അറ്റുപോകതിൻ മുൻപൊരാരവമുയർന്നതാ,**
**മാനസത്തിൽ നിറമായയായോരാ ജിഭവനങ്ങൾ തൻ പതനത്തിനായ്**

**നശ്വരങ്ങളാം രേഖ തൻ നിലം**
**ഇവിടമല്ലുദയ വാടിയിൽ...**
**ദൃശ്യസീമകൾ കടന്നതെത്തേണ്ടു**
**ഉണ്മയാം ഹൃദയങ്ങളിൽ...**

**ജാഗരൂഗരായിരിക്ക മിഴികളെ**
**വിശ്വ വീക്ഷണവിധേയരായ്...**
**നേത്രഭാരം തടഞ്ഞു നിർത്തട്ടെ വീര്യമോടെയാ കുമിളകൾ...**



**ചിന്താവിഷയം:**

"വികാരപരമായി കറുപ്പ്  ഒരു മോശം നിറമാണ് എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളാണ് വിദ്യാർത്ഥികളുടെ ജീവിതം  ശോഭനമാക്കുന്നത്."

-ഡോ. എ.പി.ജെ.  അബ്ദുൽ കലാം-

@nss_stc_42_144